

സമകാലിക മലയാളം സാമൂഹ്യസേവന പുരസ്കാരദാന ചടങ്ങിൽ വി.പി. സുഹ്റ, ഡോ. ഖദീജ മുംതാസ്, നിലമ്പൂർ ആയിഷ, മാമുക്കോയ, ജെ. രഘു എന്നിവർ / ഫോട്ടോ: എ. സനേഷ്/ എക്സ്പ്രസ്

# സാർത്ഥകമായ ഒരു സന്ധ്യ



**സമകാലിക മലയാളം വാരിക ഏർപ്പെടുത്തിയ അഞ്ചാമത് സാമൂഹ്യ സേവന പുരസ്കാരം വി.പി സുഹ്റയ്ക്ക് സമ്മാനിച്ച ചടങ്ങ് അവിസ്മരണീയമായ നിമിഷങ്ങളായിരുന്നു**

രേഖാചന്ദ്ര

മലബാറിന്റെ പഴയകാല നാടക പ്രവർത്തനവും സാമൂഹ്യജീവിതവും സ്ത്രീ അനുഭവങ്ങളും പങ്കുവെയ്ക്കപ്പെട്ട ചടങ്ങിൽ സമകാലിക മലയാളം വാരികയുടെ അഞ്ചാമത് സാമൂഹ്യസേവന പുരസ്കാരം വി.പി. സുഹ്റ ഏറ്റുവാങ്ങി. സമുദായത്തിന്റെ കെട്ടുപാടുകളിൽ കുടുങ്ങിപ്പോയ സ്ത്രീകളെ ആത്മവിശ്വാസത്തിന്റെ വഴിയിലേക്കു നടത്തിയ വി.പി. സുഹ്റയും അവരുടെ 'നിസ' എന്ന സംഘടനയും ആ വേദിയിൽ ആദരിക്കപ്പെട്ടു. ചടങ്ങിനെത്തിയ മാമുക്കോയയുടേയും നിലമ്പൂർ ആയിഷയുടേയും ഖദീജ മുംതാസിന്റേയും ജെ. രഘുവിന്റേയും വാക്കുകൾ കോഴിക്കോട് അളകാപുരിയിലെ സദസ് കൗതുകത്തോടെ കേട്ടിരുന്നു. നർമ്മം പൊതിഞ്ഞ വാക്കുകളിലൂടെ മലബാറിന്റെ ചരിത്രം കൂടിയാണ് അവർ ഓർത്തെടുത്തത്.

പുരസ്കാരം നൽകിയ നിലമ്പൂർ ആയിഷയുടേയും മുഖ്യാതിഥിയായ മാമുക്കോയയുടേയും വാക്കുകളിൽ അനുഭവങ്ങളുടെ പൊള്ളലും ആശങ്കപ്പെടുത്തുന്ന നാളെകളും ഒരു വൃത്തത്തിലും ഒതുങ്ങാതെ സ്നേഹിച്ചുജീവിക്കാനുള്ള ആഹ്വാനവു

മുണ്ടായിരുന്നു.

1950-കളിൽ നാടകപ്രവർത്തനത്തിലേക്ക് എത്തിയതും സമുദായത്തിൽനിന്നു നേരിടേണ്ടിവന്ന എതിർപ്പുകളും നിലമ്പൂർ ആയിഷ പങ്കുവെച്ചു. അധികം വിദ്യാഭ്യാസമില്ലാതിരുന്നിട്ടുകൂടി ജീവിതദു:ഖങ്ങൾ കരുത്തേകിയ തനിക്ക് എല്ലാ അനീതികളേയും എതിർത്തു തോൽപ്പിക്കാൻ കഴിഞ്ഞതും അവർ പറഞ്ഞു.

മുസ്‌ലിമായതിന്റെ പേരിൽ അടിച്ചുകൊല്ലപ്പെടുന്ന ഭീതിദമായ കാലഘട്ടത്തെക്കുറിച്ചുള്ള ആശങ്കകൾ മാമുക്കോയ പറഞ്ഞു. അഭിപ്രായം പറയുന്നരെ നിശ്ശബ്ദരാക്കുന്ന കാലത്തു സ്വന്തം ശരികൾ കണ്ടെത്താൻ നമുക്കു കഴിയണം- അദ്ദേഹം പറഞ്ഞു.

ഇസ്‌ലാമിന്റെ പ്രതിനിധി എന്ന വകാശപ്പെടുന്ന പണ്ഡിതരും പുരോഹിതരുമായ ആളുകൾ സ്ത്രീ ജീവിതം ദുരിതപൂർണ്ണമാക്കുന്നതിനെതിരായി ഭാവിയിൽ വരാൻപോകുന്ന സമരത്തിനുള്ള വലിയൊരു ഊർജ്ജമായി ഈ പുരസ്കാരം മാറട്ടെ എന്ന് എഴുത്തുകാരനും ചിന്തകനുമായ ജെ. രഘു ആശംസിച്ചു. ക്രിസ്ത്യൻ സമൂഹത്തിലുണ്ടായതുപോലെ ദൈവത്തിനും വിശ്വാസിക്കുമിടയിലുള്ള മധ്യവർത്തികളെ നിരാകരിക്കാനുള്ള പ്രൊട്ടസ്റ്റന്റ് വിപ്ലവം ഇസ്‌ലാമിനകത്തും ഉണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു.

അറിവില്ലാത്ത വൃദ്ധമനസ്സുകളുടെ കടുംപിടുത്തങ്ങളായിരുന്നു പഴയ കാലത്തെ യാഥാസ്ഥിതികത്വമെന്ന് എം.എം. നാരായണന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് എഴുത്തുകാരി ഖദീജ മുംതാസ് പറഞ്ഞു. വൃദ്ധമനസ്സുള്ള ചെറുപ്പക്കാരാണ് ഇന്നു പിന്നോട്ട് നടക്കലിനെ പ്രോത്സാഹിപ്പിക്കുന്നത്. രാഷ്ട്രീയമായി മതത്തെ ഉപയോഗിക്കുകയാണിന്ന് എന്നും അവർ പറഞ്ഞു.

മറുപടി പ്രസംഗത്തിലെ ചുരുങ്ങിയ വാക്കുകളിൽ ഇന്ത്യയിലും കേരളത്തിലുമുണ്ടായ സ്ത്രീ മുന്നേറ്റങ്ങളുടെ ചരിത്രം വി.പി. സുഹ്റ വിവരിച്ചു. പുരസ്കാര നേട്ടത്തിന്റെ സന്തോഷത്തിനൊപ്പം ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കുള്ളതാണ് ഈ പുരസ്കാരം എന്നും അവർ

# സ്ത്രീകളുടെ മനസ് മരമായി മാറണം

നിലമ്പൂർ ആയിഷ

13 വയസ്സിലായിരുന്നു 47 വയസ്സുള്ള ഒരാളുമായി എന്റെ വിവാഹം. ഞാൻ ചെറിയ കുട്ടിയായിരുന്നു, ഒന്നുമറിയാത്ത കുട്ടി. എന്നാൽ, അഞ്ചേ അഞ്ച് ദിവസം കൊണ്ടുതന്നെ കടക്കെടാ പുറത്ത് എന്ന് അയാളോട് പറയാനുള്ള ചങ്കൂറ്റം എനിക്കന്നുണ്ടായി. കുറച്ചു നാൾ കഴിഞ്ഞപ്പോൾ എന്റെ വയറ് വീർത്തുവരാൻ തുടങ്ങി. ആളുകൾ കളിയാക്കാനും. എനിക്കു മനസ്സിലായില്ല എന്താണെന്റെ വയറ് വീർക്കുന്നതെന്ന്. കാരണം എനിക്കു വിദ്യാഭ്യാസമില്ല. വിദ്യാഭ്യാസത്തിന്റെ കുറവുകൊണ്ടുതന്നെ കല്യാണത്തിനുശേഷം വീടിനുള്ളിൽ അടിമപ്പണി ചെയ്യേണ്ടിവന്നവരായിരുന്നു അക്കാലത്തെ സ്ത്രീകൾ. ഞാൻ ജനിച്ചതും വളർന്നതുമൊക്കെ നല്ല സാമ്പത്തികമുള്ള വീട്ടിലായിരുന്നു. ബാപ്പയുടെ മരണത്തോടെ പാപ്പരാവുകയും ജീവിക്കാൻ മാർഗ്ഗമില്ലാതാവുകയും ചെയ്തതോടെയാണ് കല്യാണം നടന്നത്. പക്ഷേ, ഗർഭിണിയാണെന്ന് അറിഞ്ഞപ്പോൾ ഇനി ജീവിച്ചിട്ട് കാര്യമില്ല എന്നാണ് എനിക്കു തോന്നിയത്. ഞാൻ ആത്മഹത്യയ്ക്കു ശ്രമിച്ചു. കയറിട്ട് തൂങ്ങി പിടഞ്ഞുമരിക്കാൻ നോക്കിയപ്പോൾ കയറ് വെട്ടിയറുത്തെടുത്തത് എന്റെ ജ്യേഷ്ഠനായിരുന്നു. എന്നിട്ട് അദ്ദേഹം എന്നോട് പറഞ്ഞു, മരിച്ചുകാണിക്കുകയല്ല ജീവിച്ചു കാണിക്ക് എന്ന്. അതു ശരിയാണെന്ന് എനിക്കും തോന്നി. മരിച്ചുകഴിഞ്ഞാൽ കുഴിച്ചിടും, പിന്നെ യാതൊന്നും ബാക്കിയുണ്ടാവില്ല. അങ്ങനെ ജീവിക്കാൻ തന്നെ തീരുമാനിച്ചു.

സാമൂഹ്യ അനാചാരങ്ങൾക്കെതിരെ അക്കാലത്ത് ഒരു നാടകം വന്നു. ആണുങ്ങളായിരുന്നു അതിൽ പെൺവേഷം കെട്ടിയത്. ഇ.എം.എസ്. നമ്പൂതിരിപ്പാട്, കെ.പി.ആർ. ഗോപാലൻ, ഒളപ്പമണ്ണ, ഇമ്പിച്ചിബാവ തുടങ്ങിയവരുൾപ്പെടെയുള്ള രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകർ സ്ത്രീകൾ തന്നെ നാടകത്തിൽ അഭിനയിച്ചാൽ അതൊരു സാമൂഹ്യമാറ്റം ആകുമെന്ന് അഭിപ്രായപ്പെട്ടു. അങ്ങനെ നിലമ്പൂർ ബാലന്റെ സഹോദരന്റെ മകൾ നാടകത്തിലെത്തി. രണ്ടാമത് ഒരു സ്ത്രീയെ അന്വേഷിച്ചു നടക്കുകയായിരുന്നു. ഒരു ദിവസം എന്റെ ഉമ്മയുടെ ഗ്രാമഫോണിൽ പാട്ടുകേട്ട് അതു പാടിയിങ്ങനെ ഇരിക്കുകയാണ് ഞാൻ. അപ്പോഴാണ് എന്റെ ജ്യേഷ്ഠനോടൊപ്പം നാടകത്തിലുള്ളവർ കയറിവരുന്നത്. എന്നെ കണ്ട് എന്തുകൊണ്ട് നാടകത്തിലഭിനയിച്ചൂടെ എന്നു ചോദിച്ചപ്പോൾ ഉമ്മ പറഞ്ഞു വേണ്ട, നമ്മളതു ചെയ്യാൻ പാടില്ല, നമുക്കു സമൂഹം ഭ്രഷ്ട് കൽപ്പിക്കും എന്ന്. അന്നു ഞാൻ പറഞ്ഞു രക്ഷിക്കാൻ കഴിയാത്ത ഒരു മതസ്ഥരും നമ്മളെ ശിക്ഷിക്കാൻ നടക്കരുത് എന്ന്. അങ്ങനെ പറയാൻ കാരണം ഒരുപാടു പേർക്കു സഹായം ചെയ്ത ബാപ്പ മരിച്ചു ഞങ്ങൾ പാപ്പരായപ്പോൾ ആരും വന്നിരുന്നില്ല സഹായത്തിന്. നാടകത്തിലഭിനയിക്കാൻ തന്നെ ഞാൻ തീരുമാനിച്ചു. അങ്ങനെ 1952-ൽ 16 വയസ്സുകാരിയായ ഞാൻ നാടകത്തിലെത്തി.

ഒരു നാടകനടിയായതിന്റെ പേരിൽ പല പീഡനങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. മൂന്നു പ്രാവശ്യം എറിഞ്ഞു തലപൊട്ടിച്ചു. എനിക്കു നേരെ

വെടിവെച്ചു. ഒരു ഡയലോഗ് പറഞ്ഞു നീങ്ങിയതു കൊണ്ടു മാത്രം വെടിയുണ്ട സ്റ്റേജിൽ തറച്ചു. അടിച്ചു ചെവി പൊട്ടിച്ചു. ഒരു ചെവി ഇപ്പോഴും കേൾക്കില്ല. ഞാൻ ചെയ്ത പ്രവർത്തനത്തിന് എനിക്കു കിട്ടിയ അവാർഡായിട്ടാണ് അതിനെ കണക്കാക്കുന്നത്. ഇങ്ങനെയുള്ള മനുഷ്യരുടെയിടയിൽ ജീവിക്കണമെങ്കിൽ നമുക്കു നാവ് നാല് വേണം. നാടക പ്രവർത്തനമെല്ലാം ഉപേക്ഷിച്ചു 15 വർഷത്തോളം ഒരു ഗദ്ദാമയായി സൗദി അറേബ്യയിൽ ജീവിച്ചിട്ടുണ്ട് ഞാൻ.

നിലം തുടയ്ക്കലായിരുന്നു ആദ്യം കിട്ടിയ ജോലി. അതു നന്നായി ചെയ്തപ്പോൾ മൂന്നുമാസം കൊണ്ട് ജോലിക്കയറ്റം കിട്ടി. ഖഫീലിന്റെ ഭാര്യയെ ഹോസ്പിറ്റലിൽ കൊണ്ടുപോകുക, അവരുടെ കാര്യങ്ങൾ നോക്കുക ഒക്കെയായിരുന്നു പിന്നീട് ജോലി. അവരെ ഹോസ്പിറ്റലിൽ കൊണ്ടുപോകുമ്പോൾ മലയാളികളോട് മലയാളത്തിൽ പറയും, ഹിന്ദിക്കാരോട് മുറി ഹിന്ദി, തമിഴരോട് നന്നായി തമിഴ്, ഇംഗ്ലീഷുകാരോട് അതിനെക്കാൾ മുറി ഇംഗ്ലീഷും. ഇതൊക്കെ കണ്ടപ്പോൾ ഖഫീലിന്റെ മൂത്തമോള് അദ്ഭുതത്തിൽ ഉമ്മയോട് പറഞ്ഞു ആയിഷ ഡോക്ടറാണ് എന്ന്. ഞാൻ നടിയാണല്ലോ, ഞാൻ പിന്നെ ഡോക്ടറുടെ മാതിരിയായി. ഇൻജക്ഷനെല്ലാം ചെയ്തുകൊടുക്കും. അങ്ങനെ വലിയ ഒരാളായി ഞാൻ അവരുടെയിടയിൽ. ഒരിക്കൽ ഞാൻ പറഞ്ഞു, എനിക്ക് ബത്ത എന്ന സ്ഥലത്തു പോകണം. എന്റെ സഹോദരന്മാർ അവിടെയുണ്ടെന്ന്. 36 കാറുണ്ട് ഖഫീലിന്. ഒരു കാറെടുത്ത് ഡ്രൈവറേയും കൂട്ടി പൊയ്ക്കോളാൻ പറഞ്ഞു. അവിടെയെത്തിയപ്പോൾ മലയാളികളെല്ലാം ഭയങ്കര സ്നേഹത്തിൽ എഴുന്നേറ്റ് നിന്നു സംസാരിച്ചു. ഖഫീലിന്റെ മകൾ എന്നെ ഫോളോ ചെയ്തിരുന്നു. അവർ വീട്ടിൽ ചെന്നിട്ട് പറഞ്ഞു ആയിഷ ഇന്ദിരാ ഗാന്ധിയാണ്, എല്ലാ മനുഷ്യരും കണ്ടപ്പോൾ തന്നെ എഴുന്നേറ്റ് നിന്നു എന്ന്. പിന്നെ ഞാൻ അവിടെ ഇന്ദിരാ ഗാന്ധിയാണ്. ഭരണമൊക്കെ പിന്നെ എന്റെ കയ്യിലായി. ഒരിക്കൽ ഞാൻ എന്റെ കാസറ്റുകൾ അവർക്ക് ഇട്ടുകൊടുത്തു. അവർ ഭയങ്കര അദ്ഭുതത്തിൽ സ്ക്രീനിലേക്കു നോക്കും എന്റെ മുഖത്തു നോക്കും. പിന്നേം സ്ക്രീനിലേക്കും എന്റെ മുഖത്തേക്കും. എന്നിട്ട് ഖഫീലിന്റെ മോള് പറഞ്ഞു, ആയിഷ ഹേമമാലിനിയാണെന്ന്. അങ്ങനെ ഞാൻ അതുമായി.

പോരാൻ നേരത്ത് എനിക്കൊരു മുത്തവ്വിയുമായി ഒന്നു സംസാരിക്കണം എന്നു ഞാൻ അവരോട് ആവശ്യപ്പെട്ടു. ഞാൻ ചെയ്തതു ശരിയോ തെറ്റോ എന്നെനിക്കറിയണം. അങ്ങനെ ഫോണിലൂടെ സംഘടിപ്പിച്ചു തന്നു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, ഞാൻ ഒരു കലാകാരിയാണ്. അതിന്റെ പേരിൽ ഒരുപാട് പീഡനങ്ങൾ നേരിട്ടിട്ടുണ്ട്. ഞാൻ ചെയ്യുന്നതു ശരിയാണോ? അപ്പോൾ അദ്ദേഹം പറഞ്ഞത്, നീ ചെയ്യുന്ന പ്രവർത്തനം മനുഷ്യരെ നന്നാക്കുന്നതാണെങ്കിൽ നീ ചെയ്യുന്നതാണ് ശരി എന്ന്.

എന്റെ മുന്നിലിരിക്കുന്ന മുസ്‌ലിം പെൺകുട്ടികളെ കാണുമ്പോൾ എനിക്കു സന്തോഷമുണ്ട്. ഉൾവലിഞ്ഞു




പോക്ക് മുസ്‌ലിം സമുദായത്തിലാണ് കൂടുതലുള്ളത്. അവരാണ് 12-ഉം 13-ഉം വയസ്സിൽ വിവാഹം ചെയ്തു പോകുന്നത്. ആദ്യ വിവാഹത്തിനു ശേഷം ഞാൻ വിവാഹം കഴിച്ചിട്ടില്ല. അതുകൊണ്ട് എനിക്കൊരു നഷ്ടവുമുണ്ടായിട്ടില്ല. ഞാൻ ജീവിക്കുന്നില്ലേ. ഒരു പുരുഷനില്ലാതേയും ജീവിക്കാൻ കഴിയും. ഒരു പുരുഷനെ സഹോദരനായി കാണാം, അദ്ദേഹത്തിന്റെ തോളിൽ കയ്യിട്ട് നടക്കാം. കെട്ടിപ്പിടിക്കാം. എന്നെ ആരു കെട്ടിപ്പിടിച്ചാലും എനിക്കൊന്നുമില്ല. ഞാൻ ഒരു മരം മാതിരിയാണ്. അതായിരിക്കണം നമ്മുടെ മനസ്സ്. മരമായി മാറണം നമ്മൾ. അത്ര ശക്തി നമ്മൾക്കു വേണം. അലിവ് നമുക്ക് ആവശ്യമില്ല. ഞാൻ അഞ്ചാംതരം വരെ മാത്രം പഠിച്ചൊരാളാണ്. എന്നിട്ടുപോലും ഇത്ര ശക്തിയായി പലതിനേയും എതിർത്തു പ്രവർത്തിക്കാൻ കഴിഞ്ഞതു ജീവിതത്തിൽ അനുഭവിച്ച ദുഃഖങ്ങൾ കൊണ്ടുകൂടിയാണ്.

ഒരിക്കൽ ഞാൻ ഒരു സ്ഥലത്ത് നാടകം കളിക്കാൻ പോയി. ഞാൻ ഇങ്ങനെ ഇരിക്കുകയാണ്. അപ്പോൾ ഒരു പത്തുപതിനഞ്ചു പർദ്ദധാരികൾ ദൂരെ വന്നു നിന്നിട്ട് എന്നെയിങ്ങനെ നോക്കുന്നു. ഞാൻ അവരെ അടുത്തേക്കു വിളിച്ചിട്ട് ചോദിച്ചു എന്തേ ഇങ്ങനെ നോക്കുന്നത്, ഞാൻ നാടകം കളിക്കാൻ വന്നതാണ്. നിങ്ങളുടെ കുട്ടികളൊക്കെ ഉണ്ടെങ്കിൽ കൊണ്ടുവരൂ നമുക്കു പാട്ടൊക്കെ പാടിക്കാം എന്ന്. അപ്പോ അവര് പറഞ്ഞത് ഏയ് ഞങ്ങൾക്കിതൊന്നും പാടില്ല. അപ്പോ ഞാൻ ചോദിച്ചു നിങ്ങളുടെ പർദ്ദയ്ക്കെന്തിനാണ് ചിറക് പോലെ വെച്ചിരിക്കുന്നത്. എന്തിനാണ് ഗിൽറ്റ്, അതിനെന്തിനാണ് എംബ്രോയ്ഡറി. അള്ളാഹു ലോഹയിടാനാണ് പറഞ്ഞതെങ്കിൽ ഒരു ലോഹയിട്ടാൽ പോരേ. മനുഷ്യനെ നന്നാക്കാനാണെങ്കിൽ നമ്മൾക്ക് അനുസരിച്ച ഒരു ഉടുപ്പിടുക, നമ്മൾ പ്രവർത്തിക്കുക. കലാരംഗത്തു പ്രവർത്തിക്കുന്നതു കുറ്റമായി കാണരുത്. നാടകം എന്നു പറഞ്ഞാൽ നാടിന്റെ അകമാണ്. അവർ കലഹപ്രിയരാണ്, ഏതുനേരവും കലഹിച്ചു കൊണ്ടേയിരിക്കും. ശരിയും തെറ്റും ഉറക്കെ പറയുന്നവരാണ് കലാകാരന്മാർ. ●




പുരസ്കാരദാനം / ഫോട്ടോ: എ. സനേഷ്/ എക്സ്പ്രസ്



സദസ്സ്

# ഹറാമും ഹലാലും ആരാണ് നിശ്ചയിക്കുന്നത് ?

മാമുക്കോയ

**ഇ**തുവരെ വർഗ്ഗീയവാദം പറഞ്ഞു നടന്നവരൊക്കെ ഇന്ന് ഐക്യത്തെപ്പറ്റി പറഞ്ഞുതുടങ്ങിയിരിക്കുന്നു. കാരണം തലപോകുന്നിടത്ത് എത്തിയിരിക്കുന്നു കാര്യങ്ങൾ. മുൻപ് വർഗ്ഗീയത പാടില്ല, ജാതിയും മതവും പാടില്ല, ഐക്യം വേണം എന്നൊക്കെ പറഞ്ഞു നാടകം കളിച്ച ഞങ്ങളെ എതിർത്ത ആളുകൾ ഇന്നു സ്റ്റേജിൽ ഐക്യത്തെക്കുറിച്ചാണ് പ്രസംഗിക്കുന്നത്. നബിവചനങ്ങളും ശ്രീനാരായണഗുരുവിനേയും ഒക്കെ ഉദ്ധരിച്ചുകൊണ്ട് പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. കാരണം ആർക്കും ഒരഭിപ്രായവും പറയാൻ പറ്റാത്ത കാലമാണ്. എനിക്കു പറയാനുള്ളതു നിങ്ങൾക്ക് ഇഷ്ടമല്ലെങ്കിൽ നിങ്ങളെന്നെ വകവരുത്തുകയാണ്.

ഇതു നേരത്തേയും ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഭരണകൂടത്തിനെതിരെ സംസാരിക്കുന്നവരെയാണ്. നേരത്തെ അതു മതത്തിനെതിരെ സംസാരിക്കുന്നവരോടായിരുന്നു. ചേകന്നൂർ മൗലവിയെ ഒക്കെ കൊന്നത് അങ്ങനെയാണ്. അദ്ദേഹം ആരെയെങ്കിലും ഉപദ്രവിച്ചിട്ടാണോ, കൊന്നിട്ടാണോ, ഒന്നുമല്ല. അദ്ദേഹം അദ്ദേഹത്തിന്റെ മനസ്സിലുള്ള ആശയങ്ങൾ പ്രചരിപ്പിച്ചു. അതിനെ എതിർക്കേണ്ടത് ആശയം കൊണ്ടാണ്. അതേസമയം അയാളെ ഇല്ലാതാക്കുകയാണ് ചെയ്തത്. എന്താണ് അതിന്റെ അർത്ഥം. അതൊരു തോൽവിയാണ്. അതിനെക്കാൾ ശക്തമായ രീതിയിലാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. എനിക്ക് എന്റെ ഉള്ളിലുള്ള അഭിപ്രായം പറയാൻ പറ്റില്ല. അങ്ങനെ പറഞ്ഞതിനാണ് നിലമ്പൂർ അയിഷയും വി.പി. സുഹറയുമൊക്കെ കുടുംബത്തിനകത്തും സമുദായത്തിലും ഒരുപാട് പീഡനങ്ങൾ ഏൽക്കേണ്ടി വന്നത്. അത് എക്കാലത്തും ഉണ്ടാകും. നമ്മൾ പറയുന്നതിന്റെ പത്തിരട്ടി ആളുകൾ അതിന് എതിരുണ്ടാകും. ഇവിടെ മുഹമ്മദ് നബിയുടെ മുടി എന്നു പറഞ്ഞുനടക്കുന്നതിന്റെ പിന്നിൽ ഒരുപാട് ആളുകളുണ്ട്. മുടി മുക്കിയ വെള്ളം കുടിച്ചാൽ രോഗം മാറും എന്നാണ് പറയുന്നത്. അതിനെ കൊണ്ടുനടക്കുന്ന ആളിന്റെ പത്തിലൊന്നില്ല അതിനെ എതിർക്കുന്ന ആളുകൾ. അവിടെ ആരാണ് ജയിക്കുന്നത്. അവിടെ നോക്കേണ്ടതു ജയവും പരാജയവുമല്ല. എന്റെ അഭിപ്രായം ഞാൻ പറയണം. അങ്ങനെ തുമ്മിയാൽ തെറിക്കുന്ന മൂക്കാണ് എന്റെ മതമെങ്കിൽ ആ മതത്തിൽ ഞാനില്ല. അങ്ങനെയൊരു തല്ലിപ്പൊളി മതത്തിൽ ഞാൻ വിശ്വസിക്കുന്നുമില്ല. എനിക്ക് എന്റേതായ ഉറച്ച അഭിപ്രായവും വിശ്വാസവും ഉണ്ട്. ഞാനും എന്നെ സൃഷ്ടിച്ചവനുമായുള്ള ബന്ധം മാത്രമാണ് എന്റെ വിശ്വാസവും മതവുമൊക്കെ.

പാടില്ല എന്നുള്ളത് ആരാണ് തീരുമാനിക്കുന്നത്. ചിലതൊക്കെ ഹറാമാണ്, ഹലാലാണ് എന്നൊക്കെ നിശ്ചയിക്കുന്നത് ആരാണ്. പണ്ടുകാലത്ത് മൈക്ക് ഉപയോഗിക്കുന്നത് ഹറാമായിരുന്നു. ഇപ്പോഴും ഇതു പാടില്ല എന്നു പറയുന്ന ആളുകളുണ്ട്. ഫോട്ടോ എടുക്കൽ ഹറാമായിരുന്നു. അങ്ങനെ ഒരുപാട് ഹറാമുകളുണ്ടായിരുന്നു. ഓട്ടോമാറ്റിക് ആയി പലതും ഹലാലായി. ഹജ്ജിനു പോണെങ്കിൽ പാസ്പോർട്ട് വേണം. പാസ്പോർട്ട് ആരു



മുഖ്യാതിഥികൾ വേദിയിലേക്ക്. സമീപം ന്യൂ ഇന്ത്യൻ എക്സ്പ്രസ് ഡെപ്യൂട്ടി ജനറൽ മാനേജർ പി. വിഷ്ണുകുമാർ

ടേതാണോ അയാളുടെ ഫോട്ടോ വേണം എന്നു നിയമം വന്നു. അങ്ങനെ ആ ഹറാമു പോയി. ഇപ്പോൾ വലിയ വലിയ തങ്ങൾമാരൊക്കെ മേക്കപ്പൊക്കെ ചെയ്തിട്ടാണ് ടി.വിയിൽ വന്നിരിക്കുന്നത്. അതു തെറ്റല്ല. നമ്മുടെ ഉമ്മയും ബാപ്പയുമൊക്ക പഴയകാലത്തെ ആളുകളാണ്. ഇവർ പറയുന്നതൊക്കെ കേട്ടു വിശ്വസിച്ച് അതാണ് ശരിയെന്നു വിചാരിച്ചു നടക്കുകയാണ്. ശരിയും തെറ്റും ഏതാണെന്ന് ആദ്യം എനിക്കു മനസ്സിലാകണം. അതിനനുസരിച്ച് എന്റെ മക്കളെ പഠിപ്പിക്കണം. അവർക്കും ഉണ്ടാകും ശരിയും തെറ്റും. അവരു തീരുമാനിക്കുന്നതായിരിക്കണം ഈ രാജ്യത്തിന്റെ മുദ്രാവാക്യം. അല്ലാതെ കണ്ട അലവലാതികൾ വിളിച്ചുകൊടുക്കുന്ന മുദ്രാവാക്യത്തിനു സിന്ദാബാദ് വിളിക്കാനുള്ള കരുക്കളാകരുത് നമ്മുടെ മക്കൾ.

ഞാൻ പറയുന്നത് എന്റെ ചിന്തയും എന്റെ തോന്നലുകളുമാണ്. അതു നിങ്ങൾക്ക് എല്ലാർക്കും ശരിയായിക്കൊള്ളണമെന്നില്ല. നിങ്ങൾ അംഗീകരിച്ചുകൊള്ളണമെന്നില്ല. എന്റെ അഭിപ്രായം നിങ്ങൾക്കില്ലെങ്കിൽ എന്നെ വകവരുത്തുന്നിടത്തേക്കു നിങ്ങളെത്തരുത്. ആശയപരമായി എതിർക്കാം.

പണ്ട് ഒരു നാടകം ഉണ്ടായിരുന്നു. ബാപ്പ ജീവിച്ചിരിക്കുമ്പോൾ മൂത്ത മകൻ മരിച്ചാൽ മകന്റെ കുടുംബത്തിനു സ്വത്തിന് അവകാശമില്ലാത്ത ഒരു സമ്പ്രദായം ഉണ്ടായിരുന്നു. അതിനെ വെച്ച് ബി. മുഹമ്മദ് (കവിമാഷ്) ഒരു നാടകം എഴുതി. അതു കളിക്കാൻ അനുവദിച്ചില്ല. ഇസ്‌ലാമിന് എതിരാണ് എന്നാണ് പറഞ്ഞത്. അന്ന് സി.എൻ. അഹമ്മദ് മൗലവി എന്ന ഒരു പണ്ഡിതൻ മിഠായിതെരുവിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെയടുത്ത് ചെന്നു ഞങ്ങൾ കാര്യം പറഞ്ഞു. നാടകം കൊടുത്തു. നാടകം വായിച്ചിട്ട് അദ്ദേഹം പറഞ്ഞു, നിങ്ങൾ നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് നാടകം അവതരിപ്പിക്കുന്നത്. കളിക്കാൻ പറഞ്ഞു. ഹാൾ കിട്ടാനില്ലാതെ ഒടുവിൽ കോട്ടക്കൽ ആര്യവൈദ്യശാലയുടെ പി.വി.എസ്. ഹാളിലാണ് നാടകം കളിച്ചത്. താൻ മരിച്ചാൽ കുട്ടികൾ അനാഥരായിപ്പോകും എന്നുള്ളതുകൊണ്ട് ബാപ്പയെ മകൻ കൊല്ലുന്നതാണ് നാടകം. അതും ഇസ്‌ലാമുമായിട്ട് ഒരു ബന്ധവുമില്ലായിരുന്നു. ഇതൊക്കെ ഉണ്ടാക്കിക്കൊണ്ടുവരികയാണ്. ഓരോരുത്തരുടെ ഉദ്ദേശ്യത്തിനുവേണ്ടി മതവും രാഷ്ട്രീയവും കൊണ്ടു നടക്കുകയാണ്.

മുസ്‌ലിങ്ങളായതിന്റെ പേരിൽ തച്ചുകൊല്ലുകയാണിന്ന്. ജീവൻ പോകുന്നതുവരെ അടിക്കുകയാണ്. അവിടെയൊന്നും കാര്യമായ പ്രതികരണങ്ങളുണ്ടാവുന്നില്ല. ബാംഗ്ലൂരിൽ ഗൗരി ലങ്കേഷിനെ കൊന്നതിൽ ഇതുവരെ പ്രതികളെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. അവിടവിടെ ചില സാമൂഹ്യപ്രവർത്തകരുടേയും പത്രക്കാരുടേയും ബഹളങ്ങളുണ്ട് എന്നല്ലാതെ രാഷ്ട്രീയ തലങ്ങളിലോ മറ്റു തലങ്ങളിലോ കാര്യമായ എന്തു പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്. നമുക്ക് വോയ്സ് ഇല്ല. പ്രതികരിച്ചാൽ തന്നെ അതിനു മറുവിധിയൊന്നും ഉണ്ടാകുന്നില്ല. കേൾക്കുന്നില്ല ആരും. പലരും ഒതുക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ തന്നെ എത്രയോ കലാകാരന്മാരും സാഹിത്യകാരന്മാരും ബുദ്ധിജീവികളും ഒതുങ്ങിക്കഴിഞ്ഞു. ആരുടേയും പേര് ഞാൻ പറയുന്നില്ല. വലിയ പുരോഗമനവാദികൾ എന്നു പറയുന്ന പാർട്ടികൾ തന്നെ ഒരുപാട് ആളുകളെ നിശ്ശബ്ദരാക്കിക്കളഞ്ഞിട്ടുണ്ട്.

സമൂഹത്തിൽ സ്ത്രീപക്ഷം പുരുഷപക്ഷം എന്നൊക്കെയുള്ള തൂക്കം നോക്കലിൽ എനിക്ക് അഭിപ്രായമില്ല. പുരുഷമേധാവിത്വം ഉണ്ട് എന്നുള്ളതിനോടും. അതുണ്ടെങ്കിൽ വിവരംകെട്ട പുരുഷന്മാരായിരിക്കും. സ്ത്രീകൾ ഭരിക്കുന്ന എത്രയോ വീടുകളുണ്ട്. അതൊക്കെ ഓരോരുത്തരുടെ ബലവും ബലഹീനതയും ഒക്കെയായിരിക്കും. സമൂഹത്തിനു ഗുണകരമായ കാര്യങ്ങൾ ചെയ്തു ജീവിക്കണം. സത്കർമ്മങ്ങൾക്കു ശേഷമുള്ള പ്രാർത്ഥനയേ ദൈവം കേൾക്കുകയുള്ളൂ. ഞാൻ പള്ളിയിലേക്ക് പോകുമ്പോൾ എന്റെ വീടിനു മുൻപിൽ ഒരു ചെടി വാടിനിൽക്കുന്നുണ്ടെങ്കിൽ അതു കണ്ടുകൊണ്ട് ഞാൻ പള്ളിയിൽ പോകാൻ പാടില്ല. അതിനു കുറച്ചു വെള്ളം കൊടുത്തശേഷം പോയി നിസ്കരിച്ചാലേ ആ പ്രാർത്ഥന അംഗീകരിക്കുകയുള്ളൂ. ഇതൊന്നും ചെയ്യാതെ എങ്ങനെ മറ്റുള്ളവരെ ഒതുക്കാൻ പറ്റും, എനിക്ക് എങ്ങനെ ഇടിച്ചുകയറാൻ പറ്റും എന്നാണ് പലരുടേയും ചിന്ത. നൂറായിരം അഭിപ്രായങ്ങളുള്ള നാടാണിത്. എന്നിട്ടും വലിയൊരു ഐക്യത്തോടെയാണ് നമ്മൾ മുന്നോട്ടു പോകുന്നത്. അതിനെ തകർക്കാൻ ചില മത-രാഷ്ട്രീയ കക്ഷികൾ ശ്രമിക്കുന്നുണ്ട്. അതു മനസ്സിലാക്കി അവരെ തഴയലാണ് ഇനി നമ്മുടെ ലക്ഷ്യം. നമ്മുടെ സുഹൃത്തുകളെ സ്നേഹിച്ചും സേവിച്ചും മുന്നോട്ടു പോകാൻ കഴിയണം. സുഹൃത്ത് ഹിന്ദുവാണോ മുസ്‌ലിമാണോ കമ്യൂണിസ്റ്റാണോ ബി.ജെ.പിയാണോ എന്നു നോക്കിയിട്ടാവരുത് അത്. ●

പറഞ്ഞു. സ്വജീവിതത്തിൽ സമുദായത്തിൽനിന്നും നേരിട്ട അനീതികളെ ചോദ്യം ചെയ്തുകൊണ്ടാണ് സുഹറ സാമൂഹ്യ പ്രവർത്തനത്തിലേക്കു കടക്കുന്നത്. ഇസ്‌ലാമിക ഫെമിനിസം ബോധ്യപ്പെടുത്താൻ ഇക്കാലത്തെ അവരുടെ ജീവിതവും പ്രവർത്തനവും കൊണ്ട് കഴിഞ്ഞിട്ടുണ്ട്. കണ്ണൂരിൽ ജനിച്ചു കോഴിക്കോട് പ്രവർത്തന മണ്ഡലമാക്കിയ സുഹറ മുസ്‌ലിം സമുദായത്തിനകത്തും പുറത്തുമുള്ള ഒട്ടേറെ സ്ത്രീകൾക്കു തണലാണ്. എഴുത്തുകാരൻ ഹമീദ് ചേന്നമംഗലൂർ, പത്രപ്രവർത്തക നായ പ്രദീപ് പനങ്ങാട്, എഴുത്തുകാരി ഗ്രേസി എന്നിവരായിരുന്നു ജൂറി അംഗങ്ങൾ.

സമകാലിക മലയാളം വാരിക പത്രാധിപർ സജി ജയിംസ്, ഇന്ത്യൻ എക്സ്പ്രസ് ഡെപ്യൂട്ടി ജനറൽ മാനേജർ പി. വിഷ്ണുകുമാർ, മലയാളം വാരിക സീനിയർ കറസ്പോണ്ടന്റ് പി.എസ്. റംഷാദ് എന്നിവരും ചടങ്ങിൽ സംസാരിച്ചു. ●